**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.03.2019, 14.03.2019 തീയതികളിലെ യഥാക്രമം 1,2 നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ്ആക്റ്റ് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം. 714/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം: 26.03.2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 12.03.2019 14.03.2019 തീയതികളിലെ യഥാക്രമം 1,2 നമ്പർ തീരുമാനങ്ങൾ

2) കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.03.2019-ലെ ബി1-7629/ 18 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ മായന്നൂർ വില്ലേജിൽ സർവ്വേ നമ്പർ 236 ൽ ഉൾപ്പെടുന്ന സ്ഥലത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ ടവർ നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൻമേൽ, എഞ്ചിനീയറിംഗ് വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത നിർമ്മാണത്തിന് 21.02.2019-ൽ പെർമിറ്റ് അനുവദിച്ചിരുന്നു. ആയതിനെതിരെ യാതൊരു പരാതിയും അന്നേവരെ ലഭിച്ചിരുന്നില്ലെങ്കിലും 8.03.2019 ൽ പ്രദേശ വാസികൾ സമർപ്പിച്ച പരാതിയിൻമേൽ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം സംബന്ധിച്ച് 12.03.2019 ൽ അടിയന്തിര യോഗം വിളിക്കുകയും പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും ആശങ്ക ഉയർത്തുന്ന പ്രസ്തുത ടവർ നിർമ്മാണത്തിന്റെ പെർമിറ്റ് റദ്ദ് ചെയ്യണമെന്ന് തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ പുന:പരിശോധിക്കണമെന്ന കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് 14.03.2019 ലെ അടിയന്തിര യോഗത്തിൽ ഭരണസമിതി ചർച്ച ചെയ്തെങ്കിലും പെർമിറ്റ് റദ്ദ് ചെയ്യണമെന്ന തീരുമാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഉറച്ചു നിന്നു.എന്നാൽ 13.09.2009 ലെ 2750/ ആർഡി 2/ 09/ തസ്വഭവ ,07.03.2013-ലെ 73816/ ആർ.ഡി3/ 12/ തസ്വഭവ എന്നീ സർക്കുലറുകൾ പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ആവശ്യമില്ലാത്തതിനാലും ,ബിൽഡിംഗ് റൂൾ പ്രകാരമുള്ള

ലംഘനമില്ലാതെ അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ലാത്തതിനാലും പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാർ തീരുമാനത്തിനായി റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ മായന്നൂർ വില്ലേജിൽ സർവ്വേ നമ്പർ 236-ൽ ഉൾപ്പെടുന്ന സ്ഥലത്തിൽ റിലയൻസ് ജിയോ ഇൻഫോകോമിന്റെ ടവർ നിർമ്മാണത്തിനായി 29.12.2018-ൽ ലഭ്യമായ അപേക്ഷയിന്മേൽ 21.02.2019-ന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനുശേഷം പ്രദേശവാസികൾ നൽകിയ പരാതികളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തിയ്ക്ക് സെക്രട്ടറി നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുവാൻ ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. 07.03.2013-ലെ 73816/ആർ.ഡി3/12/തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ പ്രകാരമുള്ള ലംഘനമുണ്ടെന്ന റിപ്പോർട്ട് കൂടാതെ നിലവിലുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ല.

പ്രസ്തുത സാഹചര്യത്തിൽ, ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സബിത.എസ്.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം ആമുഖ കത്തോടുകൂടി).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
സെക്രട്ടറി, കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ